ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

NATIONAL BULLETIN

DATE: 30.08.2026 TIME : 07.25 AM

## പ്രധാന വാർത്തകൾ

1. പ്രധാനമന്ത്രി നരേന്ദ്ര മോദി ഉസ്ബെക്കിസ്ഥാൻ പ്രസിഡന്റ് ഷെവ്കത്ത് മിർസിയോയെവുമായി ഇന്ന് താഷ്ക്കെൻററിൽ ഉഭയകക്ഷി ചർച്ച നടത്തും.

**Prime Minister Narendra Modi will hold bilateral talks with Uzbekistan President Shavkat Mirziyoyev in Tashkent today.**

2. ഉപരാഷ്ട്രപതി സി.പി രാധാകൃഷ്ണൻ ഇന്ന് കേരളത്തിൽ. പത്തനംതിട്ടയിൽ ആറന്മുള ഉത്യട്ടാതി ജലോത്സവവും തിരുവനന്തപുരത്ത് ഓണം വാരാഘോഷ സമാപന പരിപാടിയും ഉദ്ഘാടനം ചെയ്യും.

**Vice President C.P. Radhakrishnan will visit Keralam today. He will inaugurate the Aranmula Uthrattathi Boat Race in Pathanamthitta and the valedictory function of the Onam week celebrations in Thiruvananthapuram.**

3. പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി 'മൻ കീ ബാത്ത് ഇന്ന് രാവിലെ 11 മണിക്ക്. പരിപാടി ആകാശവാണിയിലും ദൂരദർശനിലും തത്സമയം.

**Prime Minister Narendra Modi's monthly radio address 'Mann Ki Baat' will take place today at 11 AM. The program will be broadcast live on All India Radio and Doordarshan.**

4. മിന്നൽ പ്രളയമുണ്ടായ നേപ്പാളിൽ മരിച്ചവരുടെ എണ്ണം 675 ആയി. 11 ടൺ അവശ്യവസ്തുക്കൾ കയറ്റി അയച്ച തായി വിദേശകാര്യ മന്ത്രാലയം. കേരളത്തിൽ നിന്നുള്ള 16 പേർ സുരക്ഷിതരായി തിരിച്ചെത്തിയെന്ന് നോർക്ക റൂട്ട്സ്.

**The death toll in the flash floods in Nepal has reached 675. The Ministry of External Affairs stated that 11 tons of essential items have been dispatched. NORKA Roots confirmed that 16 people from Keralam have safely returned home.**

5. ശക്തമായ മഴ സാധ്യത കണക്കിലെടുത്ത് തിങ്കളാഴ്ച വരെ ഒഡീഷയിൽ ചുവപ്പ് ജാഗ്രത പ്രഖ്യാപിച്ച് കേന്ദ്ര കാലാവസ്ഥാ വകുപ്പ്.

**The India Meteorological Department has issued a red alert in Odisha till Monday due to heavy rainfall.**

6. വനിതാ ടി-20 ഏഷ്യ കപ്പ് ക്രിക്കറ്റിൽ ഇന്ത്യ ഇന്ന് തായ്ലാന്റിനെ നേരിടും.

**In women's cricket, India will begin their T20 Asia Cup campaign against Thailand today.**

❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄

## PM-VISIT

പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് താഷ്കെന്റിൽ ഉസ്ബെക്കിസ്ഥാൻ പ്രസിഡന്റ് ഷെവ്കത്ത് മിർസിയോയെവുമായി ഉഭയകക്ഷി ചർച്ച നടത്തും. ഉസ്ബെക്കിസ്ഥാനിലെ യോഗ ഫെഡറേഷൻ നടത്തുന്ന പരിപാടിയിൽ അദ്ദേഹം പങ്കെടുക്കും. വ്യാപാരം, നിക്ഷേപം, പ്രതിരോധം എന്നീ മേഖലകളിലെ പങ്കാളിത്തം ഇരു നേതാക്കളും അവലോകനം ചെയ്യും. താഷ്കെന്റ് സ്റ്റേറ്റ് യൂണിവേഴ്സിറ്റി ഓഫ് ഓറിയന്റൽ സ്റ്റഡീസിലെ ശാസ്ത്രി മെമ്മോറിയലും മഹാത്മാ ഗാന്ധി സെന്ററും പ്രധാനമന്ത്രി സന്ദർശിക്കും. സന്ദർശനത്തിന്റെ രണ്ടാം പാദത്തിൽ കിർഗിസ് റിപ്പബ്ലിക്കിലെത്തുന്ന പ്രധാനമന്ത്രി നരേന്ദ്ര മോദി 26-ാമത് എസ്.സി.ഒ ഉച്ചകോടിയിൽ പങ്കെടുക്കും.

❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄

## MANN KI BAAT

പ്രധാനമന്ത്രി നരേന്ദ്ര മോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി 'മൻ കീ ബാത്ത്' ഇന്ന് രാവിലെ 11 മണിക്ക്. പരിപാടിയുടെ 137-ാം പതിപ്പാണിത്. ആകാശവാണിയുടെ എല്ലാ നിലയങ്ങളും ദൂരദർശനും പരിപാടി തത്സമയം ഉണ്ടാകും. തുടർന്ന് പ്രാദേശിക ഭാഷകളിലെ പരിഭാഷയും കേൾക്കാവുന്നതാണ്.

❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄

## NEPAL FLOOD (INTRO)

മിന്നൽ പ്രളയമുണ്ടായ നേപ്പാളിൽ മരിച്ചവരുടെ എണ്ണം 675 ആയി. തിരച്ചിൽ-രക്ഷാപ്രവർത്തനങ്ങൾ തുടരുകയാണ്. ദുരന്തത്തിൽ ഏകദേശം 2,400 പേരെയാണ് കാണാതായത്.

വിശദാംശങ്ങളിലേക്ക്.....
(വോയിസ്....)

നേപ്പാൾ പ്രളയത്തിൽ അകപ്പെട്ടവർക്കായുള്ള തിരച്ചിലിനായി 15,000-ത്തിലധികം സുരക്ഷാ ഉദ്യോഗസ്ഥരെയാണ് വിന്യസിച്ചിട്ടുള്ളത്. 261 വിദേശ വിനോദസഞ്ചാരികളടക്കം 4,400-ലധികം പേരെ രക്ഷപെടുത്തി സുരക്ഷിത സ്ഥാനങ്ങളിലേക്ക് മാറ്റി. ചൈനീസ് അധികൃതരുടെ കണക്കനുസരിച്ച്, നേപ്പാൾ - ചൈനീസ് അതിർത്തി പ്രദേശത്തും ഏഴ് പേർ മരിക്കുകയും 550-ലധികം പേരെ കാണാതാവുകയും ചെയ്തിട്ടുണ്ട്. എല്ലാ സർക്കാർ സംവിധാനങ്ങളും ഉപയോഗപ്പെടുത്തി ഊർജ്ജിതമായി രക്ഷാപ്രവർത്തനമാണ് നടക്കുന്നതെന്ന് നേപ്പാൾ പ്രധാനമന്ത്രി ബാലേന്ദ്ര ഷാ അറിയിച്ചു. നേപ്പാളിന്റെ മറ്റ് ഭാഗങ്ങളുമായി കാഠ്മണ്ഡുവിനെ ബന്ധിപ്പിക്കുന്ന പ്രധാന പാതയായ മുഗ്ലിംഗ്-കാഠ്മണ്ഡു ഹൈവേ ഇന്നലെ തുറന്നു. തുടർച്ചയായി മഴ പെയ്യുന്നതും തകർന്ന റോഡുകളും രക്ഷാപ്രവർത്തനത്തിന് വലിയ വെല്ലുവിളിയാണ് ഉയർത്തുന്നത്.

ന്യൂസ്ഡെസ്ക് ആകാശവാണി...

❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄

## MEA - NEPAL FLOOD

നേപ്പാളിലെ ദുരന്തമുഖത്ത് നിന്ന് ഇതുവരെ 108 ഇന്ത്യൻ പൗരന്മാരെ രക്ഷപ്പെടുത്തിയതായി വിദേശകാര്യ മന്ത്രാലയം. അമ്പതോളം ഇന്ത്യൻ

പൗരന്മാരുമായി ബന്ധപ്പെടാൻ കഴിഞ്ഞതായും വിദേശകാര്യ മന്ത്രാലയ വക്താവ് രൺധീർ ജയ്സ്വാൾ അറിയിച്ചു. 275 ഇന്ത്യൻ പൗരന്മാരെയും, മറ്റ് രാജ്യങ്ങളിൽ പൗരത്വമുള്ള 128 ഇന്ത്യൻ വംശജരെയും കണ്ടെത്താനുണ്ടെന്നും മന്ത്രാലയം വ്യക്തമാക്കി. അതിനിടെ 11 ടൺ അവശ്യ വസ്തുക്കളും കരസേനയുടെ 13 അംഗ ടണൽ റെസ്ക്യൂ ടീമിനെയും അയച്ചതായി വിദേശകാര്യ മന്ത്രി എസ്. ജയശങ്കർ അറിയിച്ചു.

❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄

## NEPAL - NORKA

നേപ്പാളിലെ മിന്നൽ പ്രളയത്തിൽ കുടുങ്ങിയ കേരളത്തിൽ നിന്നുള്ള 16 പേർ തിരിച്ചെത്തിയതായി നോർക്ക റൂട്ട്സ്. ഇതുവരെ ആശയവിനിമയം സാധ്യമാകാതിരുന്ന എട്ടു പേരിൽ ഒരാളായ എറണാകുളം പിറവം സ്വദേശി റിനീത് മോഹനും ഇതിൽ ഉൾപ്പെടുന്നു. ഹെൽപ്പ് ഡെസ്കുകളിൽ ബന്ധപ്പെട്ടവരിൽ 45 പേർ സുരക്ഷിതരാണെന്ന് ഉറപ്പാക്കാനായിട്ടുണ്ട്. ഇവർ നേപ്പാളിലും ഇന്ത്യയിലെ മറ്റ് സ്ഥലങ്ങളിലുമായി സുരക്ഷിതരായി കഴിയുന്ന തായും നാട്ടിലേക്ക് മടങ്ങാനുള്ള നടപടികൾ തുടരുന്നതായും ബന്ധുക്കളെ അറിയിച്ചു. കൊച്ചിയിൽ നിന്നുളള 14 പേരടങ്ങുന്ന സംഘവും തിരിച്ചെത്തിയവരിൽ ഉൾപ്പെടുന്നു. ഓസ്ട്രേലിയൻ പൗരത്വ മുള്ള കേരളത്തിൽ നിന്നുള്ള നാലുപേർ ഉൾപ്പെടെ ഏഴു പേരെ സംബന്ധിച്ചാണ് ഇനി വിവരം ലഭിക്കാനുള്ളത്.

❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄

## NEPAL - FRESH FLOOD ALERT

ഭോട്ടെ കോസി നദിയിൽ വെള്ളപ്പൊക്കത്തിന് സാധ്യതയെന്ന് മുന്നറിയിപ്പ് നൽകി നേപ്പാൾ ഭരണകൂടം. റാസുവ, നുവകോട്ട്, ധാഡിംഗ് ജില്ലകൾക്ക് ജാഗ്രത നിർദേശം നൽകിയിട്ടുണ്ട്. നദി യിലെ ജലപ്രവാഹം വർധിച്ചതായി ദേശീയ ദുരന്തസാധ്യത ലഘൂകരണ-നിർവഹണ അതോറിറ്റി റിപ്പോർട്ട് ചെയ്തു. ടിബറ്റിൽ നിന്ന് ഉത്ഭവിക്കുന്ന ഹിമാലയൻ നദിയാണ് ഭോട്ടെ കോസി.

❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄

## RAJNATH INDUSTRY CONCLAVE

രാജ്യരക്ഷ മന്ത്രി രാജ്നാഥ് സിംഗ് ഇന്ന് ലക്നൗവിൽ നടക്കുന്ന വ്യവസായ കോൺക്ലേവിനെ അഭിസംബോധനം ചെയ്യും. പ്രധാൻമന്ത്രി

സേതു യോജനയ്ക്ക് കീഴിലാണ് കോൺക്ലേവ് സംഘടിപ്പിക്കുന്നത്. ലക്നൗ കന്റോൺമെന്റിൽ 101 കോടി രൂപയുടെ പന്ത്രണ്ടോളം വികസന പദ്ധതി കൾക്ക് അദ്ദേഹം തറക്കല്ലിടും.

❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄

## NIRMALA SITHARAMAN

വിശാലമായ വിപണി എന്നതിനൊപ്പം ദീർഘകാല നിക്ഷേപത്തിന് അനുയോജ്യമായ സാഹചര്യമാണ് ഇന്ത്യയിലുള്ളതെന്ന് കേന്ദ്ര ധനമന്ത്രി നിർമ്മല സീതാരാമൻ. അമേരിക്കയിലെ ഷിക്കാഗോയിൽ പ്രമുഖ നിക്ഷേപകരുമായും വ്യവസായ പ്രമുഖരുമായും നടത്തിയ ഉന്നതതല ബിസിനസ്സ് റൗണ്ട്ടേബിൾ യോഗത്തിൽ സംസാരിക്കു കയായിരുന്നു അവർ. വിപുലമായ വിപണി, സ്ഥിരതയുള്ള സാമ്പത്തിക വളർച്ച, വൈദഗ്ധ്യമുള്ള മനുഷ്യവിഭവശേഷി തുടങ്ങിയവയുടെ ഒത്തു ചേരലാണ് ഇന്ത്യയുടെ നിക്ഷേപ ആകർഷണീയതയ്ക്ക് കരുത്തേകുന്നതെന്നും കേന്ദ്ര ധനമന്ത്രി പറഞ്ഞു.

❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄

## VICE PREZ - KERALA VISIT

ഉപരാഷ്ട്രപതി സി.പി രാധാകൃഷ്ണൻ ഇന്ന് കേരളത്തിലെത്തും. രാവിലെ കൊച്ചിയിലെത്തുന്ന അദ്ദേഹം ആലപ്പുഴയിൽ നടക്കുന്ന കേരള കൗമുദി യുടെ 115-ാം വാർഷികാഘോഷങ്ങളിൽ പങ്കെടുക്കും. തുടർന്ന് പത്തനംതിട്ടയിൽ ആറന്മുള ഉതൃട്ടാതി ജലോത്സവവും തിരുവനന്ത പുരത്ത് ഓണം വാരാഘോഷത്തിന്റെ സമാപന പരിപാടിയും ഉദ്ഘാടനം ചെയ്യും. നാളെ ലക്ഷദ്വീപ് സന്ദർശനത്തിന് ശേഷം കേരളത്തിൽ തിരികെയെത്തുന്ന ശ്രീ സി. പി. രാധാകൃഷ്ണൻ, കൊച്ചി കാക്കനാട് രാജഗിരി സ്കൂൾ ഓഫ് എൻജിനീയറിങ് ആൻഡ് ടെക്നോളജിയുടെ രജത ജൂബിലി ആഘോഷങ്ങളിൽ പങ്കെടുക്കും.

❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄

## ONAM PROCESSION (INTRO)

ഓണം വാരാഘോഷങ്ങൾക്ക് ഇന്ന് സമാപനം. ഉപരാഷ്ട്രപതി സി പി രാധാകൃഷ്ണൻ സമാപന ഘോഷയാത്ര ഫ്ളാഗ് ഓഫ് ചെയ്യും.

കൂടുതൽ വിവരങ്ങളുമായി തിരുവനന്തപുരത്തു നിന്ന് ആകാശവാണി ലേഖകൻ സ്മിതി എം പള്ളുരുത്തി

(**VOICE**)

❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄

# VP - TRAFFIC CONTROL

ഉപരാഷ്ട്രപതിയുടെ സന്ദർശനത്തോടനുബന്ധിച്ച് ആലപ്പുഴ, പത്തനംതിട്ട, തിരുവനന്തപുരം ജില്ലകളിൽ ഇന്ന് ഗതാഗത നിയന്ത്രണം. പത്തനംതിട്ട കോന്നി ജംഗ്ഷൻ മുതൽ ആറാട്ടുപുഴ വരെയുള്ള സ്ഥലങ്ങളിലും നിയന്ത്രണമുണ്ട്. ഇന്നും നാളെയും കൊച്ചി നഗര പരിധിയിലും കർശന ഗതാഗത നിയന്ത്രണം ഏർപ്പെടുത്തും. ഉച്ചയ്ക്ക് 12.30 മുതൽ വൈകിട്ട് 5.30 വരെയാണ് നിയന്ത്രണം. ഉപരാഷ്ട്രപതിയുടെ തിരുവനന്തപുരം സന്ദർശന ത്തോടനുബന്ധിച്ച് ലോക്ഭവന്റെ ഒരു കിലോമീറ്റർ ചുറ്റളവിലുള്ള വ്യോമമേഖല റെഡ് സോൺ ആയി പ്രഖ്യാപിച്ചു. ഇവിടെ ഡ്രോണുകളോ മറ്റ് വ്യോമ ഉപകരണങ്ങളോ പറത്തുന്നത് പൂർണമായും നിരോധിച്ചതായി പോലീസ് അറിയിച്ചു.

❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄

# BHAGAWAT - US VISIT

മതപരമായ വൈവിധ്യത്തെയും വ്യക്തികളുടെ മൂല്യങ്ങളെയും അംഗീകരിക്കുന്നതാണ് ഹിന്ദുത്വം എന്ന് RSS മേധാവി മോഹൻ ഭാഗവത്. ന്യൂയോർക്കിൽ ഒരു ലോകം, ഒരു മാനവികത എന്ന പേരിൽ സംഘടിപ്പിച്ച, മതനേതാക്കളുടെ സമ്മേളനത്തിൽ സംസാരിക്കുക യായിരുന്നു അദ്ദേഹം. ഇന്ത്യയിൽ മുസ്ലീങ്ങൾക്ക് സ്ഥാനമില്ലെന്ന് വിശ്വസിക്കുന്ന ഒരു വ്യക്തിക്ക് ഹിന്ദുവാകാൻ കഴിയില്ലെന്നും ശ്രീ മോഹൻ ഭാഗവത് പറഞ്ഞു.

❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄

# WOMEN TWENTY 20 ASIA CUP

വനിതാ ടി-20 ഏഷ്യ കപ്പ് ക്രിക്കറ്റിൽ ഇന്ത്യ ഇന്ന് തായ്ലാന്റിനെ നേരിടും. ഇന്ത്യൻ സമയം രാത്രി 8.30 ന് ദുബായ് അന്താരാഷ്ട്ര ക്രിക്കറ്റ് സ്റ്റേഡിയത്തിലാണ് മത്സരം. ഹർമൻപ്രീത് കൗറാണ് ഇന്ത്യയെ

നയിക്കുന്നത്. സ്മൃതി മന്ദാനയാണ് വൈസ് ക്യാപ്റ്റൻ. ഗ്രൂപ്പ് എയിൽ തായ്ലന്റ്, ഹോങ് കോങ്, പാകിസ്ഥാൻ എന്നീ ടീമുകളാണ് ഇന്ത്യക്കൊപ്പം ഉള്ളത്.

❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄

## IMD ALERT

ഒഡീഷയിൽ ശക്തമായ മഴ സാധ്യത കണക്കിലെടുത്ത് തിങ്കളാഴ്ച വരെ കേന്ദ്ര കാലാവസ്ഥാ വകുപ്പ് ചുവപ്പ് ജാഗ്രത പ്രഖ്യാപിച്ചു. അരുണാചൽ പ്രദേശ്, അസം, മേഘാലയ, ഛത്തീസ്ഗഢ്, ഗംഗാതീര പശ്ചിമ ബംഗാൾ എന്നിവിടങ്ങളിലെ ചില പ്രദേശങ്ങളിൽ ഇന്ന് ശക്തമായ മഴയ്ക്ക് സാധ്യതയുണ്ട്.

❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄

## PULIKKALI FESTIVAL

സാംസ്കാരിക നഗരിയായ തൃശൂരിനെ ആവേശത്തേരിലേറ്റിയ പുലിക്കളി മഹോത്സവത്തിൽ അയ്യന്തോൾ ദേശം ജേതാക്കൾ. താളമേളങ്ങളും പുലി വരയും അച്ചടക്കവും വിലയിരുത്തപ്പെട്ട മത്സരത്തിൽ കന്നിക്കാരായ ഒളരിക്കര ദേശത്തിനാണ് രണ്ടാം സ്ഥാനം.

❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄

## ROBOT OLYMPYAD

നൂറ്റാണ്ടുകൾ പഴക്കമുള്ള താളിയോല ഗ്രന്ഥങ്ങൾ സംരക്ഷിക്കാനും ഡിജിറ്റൈസ് ചെയ്യാനും അത്യാധുനിക റോബോട്ടിക് സംവിധാന മൊരുക്കി ദേശീയശ്രദ്ധ നേടി മലയാളി പെൺകുട്ടികൾ. ഹൈദരാ ബാദിൽ നടന്ന വേൾഡ് റോബോട്ട് ഒളിമ്പ്യാഡ് ഇന്ത്യ നാഷണൽസിൽ ഒന്നാം സ്ഥാനം നേടിയാണ് 14 വയസ്സുകാരായ കാത്‌ലിൻ മേരി ജീസൻ, നവിക ഡി നായർ എന്നിവർ അന്താരാഷ്ട്ര മത്സരത്തിന് യോഗ്യത നേടിയത്.

❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄
❄❄❄❄❄❄❄❄❄❄❄❄❄❄
❄❄❄❄❄❄❄